**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5266** **12-08-2021 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വ്യവസായ രംഗത്തു കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട് . '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഇത്തരത്തിലുള്ളതാണ് .പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരഭങ്ങൾക്ക് വിവിധ അനുമതികളും ലഭ്യമാക്കാൻ K- SWIFT എന്ന ഓൺലൈൻ ഏകജാലക സംവിധാനവും ,വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ എന്നിവ മേൽ നിയമ നിർമാണത്തിലൂടെ പുതുതായി കൊണ്ടുവന്നിട്ടുള്ള സംവിധാനങ്ങളാണ് . നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിലേക്കായി ഒരു നിയമനിർമ്മാണം നടത്തുവാൻ 20.05.2021 ലെ ആദ്യ മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമാണത്തിന്റെ കരട് ബഹു: മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട് . വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടിയാണ് സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നത്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ |

| | | | |
|---|---|---|---|
| | | | ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ഈ കമ്മിറ്റി രൂപീകരിക്കുന്നത്. സംസ്ഥാനത്തെ വ്യവസായ പുരോഗതിയും അതുപോലെ സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി ജില്ലാ അടിസ്ഥാനത്തിൽ നേരിട്ട് സംരംഭകരുമായി ആശയ വിനിമയം നടത്തുന്ന 'മീറ്റ് ദി മിനിസ്റ്റർ' എന്ന പ്രോഗ്രാം സംഘടിപ്പിച്ചു വരുന്നു . നിലവിലെ വ്യവസായ പുരോഗതി വിലയിരുത്തുന്നതിനും, കൂടുതൽ പുരോഗതി കൈവരിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് നിരവധി തവണ കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യവസായ സംഘടനകൾ എല്ലാം തന്നെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്തുണച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വ്യവസായികളുടെ പരാതികൾ കേൾക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ സംവിധാനങ്ങൾ നിലവിലുണ്ട്.എന്നിരുന്നാലും നിലവിലെ സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ടി സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നത്. വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധന ഏകോപിതവും സുതാര്യവുമാക്കുവാനും വേണ്ടി ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനമായ കെ-സിസ് (Kerala Centralised Inspection System) ഏർപ്പെടുത്തി പ്രവർത്തനമാരംഭിച്ചിട്ടുണ്ട് . |
| (ബി) | വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികളും മറ്റു പദ്ധതികളും DIC, KSIDC, KINFRA മുഖേന ആവിഷ്കരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. DIC .സംരംഭക സഹായ പദ്ധതി .നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി .ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് .പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾ .വ്യവസായ ഭദ്രത .PMFME (Prime Ministers Formalisation of Micro Food |

Processing Enterprises) .സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) .Kerala Single Window Interface for Fast and Transparent Clearance (KSWIFT 3.0) .ഓൺലൈൻ ആയുള്ള വ്യവസായ ഭൂമിയുടെ അനുവദിക്കൽ .പുതിയ വ്യവസായ ഭൂമിയുടെ വികസനം .പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള അടിസ്ഥാന സൗകര്യ വികസനം .സംരംഭക വികസന കേന്ദ്രങ്ങൾ (EDCs) KINFRA 1.കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി,കൊച്ചി എറണാകുളം 2 . പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം 3 .മെഗാ ഫുഡ് പാർക്ക് പാലക്കാട് 4 . ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം,പാലക്കാട് 5. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ , കാക്കനാട് ,എറണാകുളം 6 .ഐ.ടി.ഐ.ടി അധിഷ്ഠിത കെട്ടിട സമുച്ചയം-പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം 7 ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം 8. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ 9 . സ്പൈസസ് പാർക്ക്, ഇടുക്കി 10 . ഇൻഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ, പാലക്കാട് KSIDC ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10000 ലക്ഷം രൂപ വരെ വായ്പയായി നല്കി വരുന്ന ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഇവയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രൊജെക്റ്റുകളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രൊജെക്റ്റുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 യ്ക്കു മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റു പ്രൊജെക്റ്റുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കു കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 7.00%) 25 ലക്ഷം രൂപ മുതൽ 200 ലക്ഷം രൂപ വരെ വായ്പയായി ധനസഹായം നല്കുന്നതിനായി ‘മുഖ്യമന്ത്രിയുടെ പ്രത്യേക

| | | | |
|---|---|---|---|
| | | | ധനസഹായ പദ്ധതി’ എന്ന പേരിൽ ഒരു ധനസഹായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ